# കേരള സർവകലാശാല

നം. പി.ആർ.233/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഹിയറിംഗിന് ഹാജരാകണം

വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സിന്റിക്കേറ്റിന്റെ അഫിലിയേഷൻ കമ്മിറ്റി ഒക്ടോബർ 31 രാവിലെ 10.30-ന് ചെറുവാരക്കോണം സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസിൽ നടത്തുന്ന ഹിയറിംഗിന് പരാതിക്കാർ തെളിവുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്.

### ബികോം ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എഫ്.ഡി.പി - സി.ബി.സി.എസ് ബികോം ഡിഗ്രി സപ്ലിമെന്ററി പരീക്ഷാഫലം (2010 അഡ്മിഷൻ മേഴ്സി ചാൻസ്, 2011 & 2012 അഡ്മിഷൻ) വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 15. ഇതിലേക്കായി വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

### എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല നവംബർ 13 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ച്ചർ) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 31 (50 രൂപ പിഴയോടെ നവംബർ രണ്ട്, 125 രൂപ പിഴയോടെ നവംബർ മൂന്ന് ) വരെ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ/ബി.കോം/ബി.ബി.എ എൽ എൽ ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല സെപ്റ്റംബർ 2016 ൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ എൽ എൽ ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചവർ ഒക്ടോബർ 28 മുതൽ നവംബർ നാല് വരെയുള്ള പ്രവർത്തിദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുന:പരിശോധനാ വിഭാഗത്തിൽ (ഇ.ജെ1 സെക്ഷൻ) എത്തിച്ചേരേണ്ടതാണ്.

### യോഗ രജിസ്ട്രേഷൻ

കേരള സർവകലാശാല കായിക പഠനവകുപ്പ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജ പവിലിയനിൽ പൊതു ജനങ്ങൾക്കായി സംഘടിപ്പിച്ചു വരുന്ന പ്രതിമാസ യോഗ പരിശീലന പരിപാടിയുടെ നവംബർ മാസത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. ക്ലാസുകൾ നവംബർ ഒന്നിന് ആരംഭിക്കും. അപേക്ഷകൾ കായിക പഠന വകുപ്പ് ഓഫീസിൽ ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 8921507832/0471 2306485

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല ജൂലൈ മാസം നടത്തിയ മൂന്നാം വർഷ ബി.എസ്സി നഴ്സിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ ആറ്

.

## ഹോസ്റ്റൽ പ്രവേശനം

കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ എം.ഫിൽ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് കാര്യവട്ടത്തെ സർവ്വകലാശാല പുരുഷ/വനിതാ റിസർച്ച് ഹോസ്റ്റലുകളിലേക്കും ഗവൺമെന്റ് കോളേജുക ളിലെ എം.ഫിൽ വിദ്യാർത്ഥിനികൾക്ക് തൈക്കാട് വനിതാ ഹോസ്റ്റലിലേക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ പ്രവേശനനിയ മങ്ങളും അനുസരിച്ചായിരിക്കും. ഈ അധ്യയന വർഷം മുതൽ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയു ള്ളൂ. http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

## എം.ബി.എ പരീക്ഷ രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല നവംബർ 17 മുതൽ തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം. ബി.എ (ഫുൾടൈം/റഗുലർ – ഈവനിംഗ്/യു.ഐ.എം/ ട്രാവൽ ആന്റ് ടൂറി സം) 2014 സ്കീം, 2009 സ്കീം പരീക്ഷകളുടെ രജിസ്ട്രേഷൻ നവംബർ 26 മുതൽ ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ ജീനോം സീക്വൻസിങ് പ്രോജക്ടിലേക്ക് "ടെക്നിക്കൽ അസിസ്റ്റന്റ്, ബയോ ഇൻഫൊർമേറ്റീഷ്യൻസ്" ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in വെബ്സൈറ്റ് സന്ദർശിക്കുക.

## എം.എസ്സി പ്രാക്ടിക്കൽ വൈവ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എസ്സി ബോട്ടണി പ്രാക്ടിക്കൽ വൈവ പരീക്ഷകൾ നവംബർ ആറ് മുതൽ അതത് സെന്ററുക ളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വൈവവോസി പരീക്ഷ തീയതി മാറ്റി

കേരള സർവകലാശാല ഒക്ടോബർ 30–ന് ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നടത്തുവാൻ നിശ്ചയിച്ച നാലാം സെമസ്റ്റർ എം.എസ്സി പോളിമർ കെമിസ്ട്രിയുടെ വൈവവോസി പരീക്ഷ ഒക്ടോബർ 31–ലേക്ക് പുനക്രമീകരി

ച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്.സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല നവംബർ മൂന്നിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ് - എഫ്.ഡി.പി 2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകളുടെ വിശദമായ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
27.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098